REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 20-04-2024 സമയം 06.45 AM

---

## പ്രധാന വാർത്തകൾ

1. ആദ്യഘട്ട ലോക്സഭാ തെരഞ്ഞെടുപ്പിൽ 62.37 ശതമാനം പോളിംഗ്. ത്രിപുരയിൽ 80 ശതമാനത്തിലേറെ - ബിഹാറിൽ പോളിംഗ് നാൽപത്തിയെട്ടര ശതമാനം.
2. സംസ്ഥാനത്ത് ലോക്സഭാ തെരഞ്ഞെടുപ്പിന് ആറു ദിവസം മാത്രം ബാക്കി നിൽക്കെ മുന്നണികളുടെ പ്രചാരണം അവസാനഘട്ടത്തിലെത്തി.
3. തൃശൂർ പൂരത്തിലെ ആൾക്കൂട്ട നിയന്ത്രണത്തെ തുടർന്ന് തിരുവമ്പാടി വിഭാഗം രാത്രിപൂരം നിർത്തിവെച്ചു. പൂരം വെടിക്കെട്ട് അല്പസമയത്തിനകം.
4. ISL ഫുട്ബോൾ പ്ലേ ഓഫിൽ കേരള ബ്ലാസ്റ്റേഴ്സ് സെമിയിലെത്താതെ പുറത്തായി.

## വാർത്തകൾ വിശദമായി

ആദ്യഘട്ട ലോക്സഭാ തെരഞ്ഞെടുപ്പിൽ വോട്ടെടുപ്പ് നടന്ന 102 മണ്ഡലങ്ങളിൽ ഇന്നലെ വൈകിട്ട് ഒൻപതു വരെ ലഭിച്ച കണക്കനുസരിച്ച് 62.37 ശതമാനം പോളിംഗ് രേഖപ്പെടുത്തി. വോട്ടെടുപ്പ് പൊതുവെ സമാധാനപരമായിരുന്നു. 17 സംസ്ഥാനങ്ങളിലും നാല് കേന്ദ്രഭരണ പ്രദേശങ്ങളിലുമായിരുന്നു ഇന്നലെ വോട്ടെടുപ്പ്.

ഡെസ്ക്ക് റിപ്പോർട്ട്

.....(വോയ്സ്).....

ത്രിപുരയിലാണ് ഏറ്റവും ഉയർന്ന പോളിംഗ് ശതമാനം - 80.17. രണ്ടാം സ്ഥാനത്ത് പശ്ചിമബംഗാൾ-77.57 ശതമാനം. ബിഹാറിലെ നാല് മണ്ഡലങ്ങളിലാണ് കുറഞ്ഞ പോളിംഗ് -48.5 ശതമാനം. ഉത്തർപ്രദേശിൽ 58.49, രാജസ്ഥാനിൽ 56.58, മഹാരാഷ്ട്രയിൽ 55.35, അസമിൽ 72.1, തമിഴ്നാട്ടിൽ 65.19, ഉത്തരാഖണ്ഡിൽ 54.06, ഛത്തീസ്ഗഡിൽ 63.41 എന്നിങ്ങനെയാണ് പോളിംഗ് ശതമാനം. ലക്ഷദ്വീപിൽ 59 ശതമാനത്തിലേറെ പേർ വോട്ട് ചെയ്തു.

പുതുച്ചേരി ലോക് സഭാ മണ്ഡലത്തിന്റെ ഭാഗമായ മാഹിയിൽ 65.95 ശതമാനം പേരും വോട്ട് ചെയ്തു.

പ്രധാനമന്ത്രി നരേന്ദ്രമോദി ആദ്യഘട്ടതെരഞ്ഞെടുപ്പിലെ മികച്ച വോട്ടിംഗ് ശതമാനത്തിൽ സംതൃപ്തി അറിയിച്ചു. വോട്ട് ചെയ്ത എല്ലാവർക്കും പ്രധാനമന്ത്രി സാമൂഹ്യ മാധ്യമ പോസ്റ്റിൽ നന്ദിയറിയിച്ചു.

✪✪✪

സംസ്ഥാനത്ത് ലോക്സഭാ തെരഞ്ഞെടുപ്പിന് ആറു ദിവസം മാത്രം ബാക്കി നിൽക്കെ മുന്നണികളുടെ പ്രചാരണം അവസാനഘട്ടത്തിലെത്തി. ദേശീയ-സംസ്ഥാന നേതാക്കൾ പ്രചാരണത്തിന്റെ മുൻപന്തിയിലുണ്ട്. പ്രചാരണത്തിന് ശേഷിക്കുന്ന അഞ്ചു ദിവസങ്ങൾ പരമാവധി പ്രയോജനപ്പെടുത്താനാണ് നേതാക്കളുടെയും പ്രവർത്തകരുടെയും അവസാന ശ്രമം.

✪✪✪

കേരള മുഖ്യമന്ത്രിയെ എന്ത് കൊണ്ട് E.D അറസ്റ്റ് ചെയ്യുന്നില്ലെന്ന കോൺഗ്രസ്സിന്റെ ചോദ്യം BJP യെ സഹായിക്കുന്ന നിലപാടാണെന്ന് CPIM ജനറൽ സെക്രട്ടറി സിതാറാം യെച്ചൂരി കുറ്റപ്പെടുത്തി. LDF നെ ലക്ഷ്യം വെക്കുന്ന നിലപാട് അപലപനീയമാണെന്നും അദ്ദേഹം പത്തനംതിട്ടയിൽ പറഞ്ഞു.

✪✪✪

മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് വടകര പാർലമെന്റ് മണ്ഡലത്തിലെ തെരഞ്ഞെടുപ്പു പൊതുയോഗങ്ങളിൽ പങ്കെടുക്കും. പുറമേരി, കൊയിലാണ്ടി, പാനൂർ എന്നിവിടങ്ങളിൽ അദ്ദേഹം പ്രസംഗിക്കും. RJD സംസ്ഥാന പ്രസിഡന്റ് M.V ശ്രേയാംസ്കുമാറും പരിപാടിയിൽ പങ്കെടുക്കും.

✪✪✪

കേരളത്തിലെ UDF തെരഞ്ഞെടുപ്പ് പ്രചാരണത്തിന് AICC ജനറൽ സെക്രട്ടറി പ്രിയങ്കാഗാന്ധി ഇന്നെത്തും. ഡൽഹിയിൽ നിന്ന് കൊച്ചിയിലെത്തുന്ന പ്രിയങ്ക ചാലക്കുടി മണ്ഡലത്തിലെ സ്ഥാനാർത്ഥിക്കായി ഏരിയാട് പ്രചാരണം നടത്തും. തുടർന്ന് പത്തനംതിട്ടയിലേക്ക് പോകുന്ന പ്രിയങ്ക പിന്നീട്

തിരുവനന്തപുരത്തേക്കും പോകും. വൈകിട്ട് UDF സ്ഥാനാർത്ഥിയുടെ പ്രചാരണത്തിന് റോഡ്ഷോയിലും പൊതുസമ്മേളനത്തിലും പങ്കെടുത്ത ശേഷം രാത്രി ഡൽഹിയിലേക്ക് മടങ്ങും.

✪✪✪

വീട്ടിലെത്തി വോട്ട് ചെയ്യിക്കുന്ന സംവിധാനത്തിൽ കണ്ണൂർ ജില്ലയിൽ വ്യാപകമായി കള്ളവോട്ടിംഗ് നടത്തുന്നതിന് തെളിവാണ് കല്യാശേരി സംഭവമെന്ന് UDF ആരോപിച്ചു. ഈ വിഷയത്തിൽ തിരഞ്ഞെടുപ്പ് കമ്മീഷന് പരാതി നൽകുമെന്നും അവർ അറിയിച്ചു. തെരഞ്ഞെടുപ്പ് അട്ടിമറിയ്ക്കാൻ CPIM ബോധപൂർവ്വം നീക്കം നടത്തുന്നതായി NDA സ്ഥാനാർത്ഥി C. രഘുനാഥും ആരോപിച്ചു.

എന്നാൽ തെരഞ്ഞെടുപ്പ് ചട്ട ലംഘനത്തിന് ഒരു കാരണവശാലും കൂട്ടുനിൽക്കുന്ന പാർട്ടിയില്ല CPIM എന്ന് പാർട്ടി കേന്ദ്ര കമ്മറ്റി അംഗം P.K ശ്രീമതി കണ്ണൂരിൽ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

✪✪✪

വടകരയിലെ LDF സ്ഥാനാർഥിക്കെതിരെ വ്യാജ വീഡിയോ പ്രചരിപ്പിച്ച മുസ്ലിം ലീഗ് നേതാവിനെ ന്യൂ മാഹി പോലീസ് അറസ്റ്റ് ചെയ്തു. ന്യൂമാഹി പഞ്ചായത്ത് ചെയർമാൻ പെരിങ്ങാടിയിലെ T.H അസ്‌ലമായാണ് പിടിയിലായത്. ഇയാളെ കോടതിയിൽ ഹാജരാക്കി ജാമ്യത്തിൽ വിട്ടു.

✪✪✪

യുവശക്തിയുടെ പിന്തുണയിൽ മോദി ഗവൺമെന്റ് 400 ലേറെ സീറ്റുമായി വീണ്ടും അധികാരത്തിലെത്തുമെന്ന് യുവമോർച്ച ദേശീയ ജനറൽ സെക്രട്ടറി രോഹിത് ചാഹൽ പറഞ്ഞു. വടകര ലോക്സഭാ മണ്ഡലം NDA സ്ഥാനാർത്ഥിയുടെ തെരഞ്ഞെടുപ്പ് യോഗത്തിൽ സംസാരിക്കുകയായിരുന്നു രോഹിത് ചാഹൽ.

✪✪✪

പത്തനംതിട്ട ലോക്സഭാ മണ്ഡലത്തിൽ തീ പാറുന്ന പ്രചാരണ പോരാട്ടത്തിലാണ് സ്ഥാനാർഥികൾ. മണ്ഡലത്തിലെ അവശ്യ സർവീസ് പോസ്റ്റൽ ബാലറ്റ് വോട്ടിംഗിന് ഇന്ന് തുടക്കമാകും. മണ്ഡലത്തിലെ 75 ശതമാനം ബൂത്തുകളിൽ വെബ് കാസ്റ്റിങ് സൗകര്യം ഒരുക്കും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി ശ്രീജി S ശ്രീധർ.............

..............(വോയ്സ്)..........

✪✪✪

കാസർകോട് മണ്ഡലത്തിലെ അവശ്യ സേവന വോട്ടർമാരുടെ പോസ്റ്റൽ വോട്ടിങ്ങ് നാളെ ആരംഭിക്കും.

ലോക്സഭ തിരഞ്ഞെടുപ്പ് ബോധവത്ക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി സ്വീപിന്റെ നേതൃത്വത്തിൽ കാസർകോട്ട് ജില്ലാതല മൈലാഞ്ചിയിടൽ മൽസരം നടത്തി. 17 ടീമുകൾ പങ്കെടുത്തു.

✪✪✪

കോഴിക്കോട്ട് ഹോം വോട്ടിംഗിന്റെ ഒന്നാം ഘട്ടം ഇന്ന് സമാപിക്കും. ആദ്യഘട്ടത്തിൽ വോട്ട് ചെയ്യാൻ കഴിയാത്തവർക്ക് ഈ മാസം 25 വരെ രണ്ടാം ഘട്ടത്തിൽ വോട്ട് രേഖപ്പെടുത്താൻ അവസരം ലഭിക്കും.

എറണാകുളം മണ്ഡലത്തിൽ 2,475 പേർ വീട്ടിൽ വോട്ട് സൗകര്യം ഉപയോഗിച്ച് വോട്ട് രേഖപ്പെടുത്തി. ചാലക്കുടി മണ്ഡലത്തിൽ ഈ സൗകര്യം 5494 പേർ വിനിയോഗിച്ചു.

✪✪✪

ലോക്സഭാ തിരഞ്ഞെടുപ്പിന് മുന്നോടിയായി കണ്ണൂർ ജില്ലയിൽ വോട്ടർമാർക്ക് ഇൻഫർമേഷൻ സ്ലിപ്പുകൾ വിതരണം ചെയ്തു തുടങ്ങി. BLO മാരാണ് വീടുകളിലെത്തി സ്ലിപ്പുകൾ വിതരണം ചെയ്യുന്നത്.

✪✪✪

തൃശൂർ പൂരത്തിലെ ആൾക്കൂട്ട നിയന്ത്രണത്തെ തുടർന്ന് തിരുവമ്പാടി വിഭാഗം രാത്രിപൂരം നിർത്തിവെച്ചു. പൊലീസ് നടുവിലാൽ ഭാഗത്ത് ബാരിക്കേഡ് വെച്ച് ജനക്കൂട്ടത്തെ തടയാൻ ശ്രമിച്ചതാണ് പ്രതിസന്ധിയ്ക്ക് കാരണമായത്. വെടിക്കെട്ടുമായി ബന്ധപ്പെട്ടും പൊലീസ് കൊണ്ടുവന്ന നിയന്ത്രണങ്ങളിൽ പൂരപങ്കാളികൾ പ്രതിഷേധിച്ചു. പിന്നീട് മന്ത്രി K.രാജന്റെ സാന്നിധ്യത്തിൽ നടത്തിയ ചർച്ചയിൽ വെടിക്കട്ട് അടക്കം ചടങ്ങുകൾ പുനഃരാരംഭിക്കാൻ തീരുമാനമായി. പാറമേക്കാവ്, തിരുവമ്പാടി വിഭാഗങ്ങൾ ഇന്നു രാവിലെ വെടിക്കെട്ട് നടത്താൻ തീരുമാനിക്കുകയായിരുന്നു.

ആകാശവാണിയ്ക്കു വേണ്ടി N ശ്രീകുമാർ തയ്യാറാക്കിയ റിപ്പോർട്ട്

......(വോയ്സ്)............

✪✪✪

ആലപ്പുഴയിൽ പക്ഷിപ്പനി സ്ഥിരീകരിച്ച എടത്വ, ചെറുതന പഞ്ചായത്തുകളിൽ പക്ഷികളെ കൊന്നൊടുക്കി മറവുചെയ്യുന്ന പ്രധാന നടപടി പൂർത്തിയായി. ഇന്നലെ വൈകിട്ടു വരെ 17,000 ത്തിലേറെ പക്ഷികളെ

കൊന്നൊടുക്കി. പ്രത്യേക സംഘം ഇന്ന് മേഖലയിൽ അണുനശീകരണവും തെരച്ചിലും നടത്തും.

✪✪✪

ISL ഫുട്ബോളിൽ കേരള ബ്ലാസ്റ്റേഴ്സ് സെമിയിലെത്താതെ പുറത്തായി. പ്ലേ ഓഫിൽ ഒഡീഷ FC ഒന്നിനെതിരെ രണ്ട് ഗോളിനാണ് ബ്ലാസ്റ്റേഴ്സിനെ പരാജയപ്പെടുത്തിയത്.

ഇന്ന് ഗോവ FC- ചെന്നൈയിനുമായി ഏറ്റുമുട്ടും. ഗോവയിൽ രാത്രി ഏഴരക്കാണ് മത്സരം.

✪✪✪

ലഖ്നൗവിൽ IPL ക്രിക്കറ്റിൽ ലഖ്നൗ സൂപ്പർ ജയന്റ്സ് ചെന്നൈ സൂപ്പർ കിംഗ്സിനെ 8 വിക്കറ്റിന് പരാജയപ്പെടുത്തി.

ഇന്ന് ഡൽഹി ക്യാപിറ്റൽസ്, സൺറൈസേഴ്സ് ഹൈദരാബാദിനെ നേരിടും. ന്യൂഡൽഹിയിൽ രാത്രി 7.30 നാണ് മത്സരം.

✪✪✪

സംസ്ഥാനത്ത് ഇന്നും നാളെയും ചില ഇടങ്ങളിൽ ഇടിമിന്നലോടു കൂടിയ മഴയ്ക്കു സാധ്യതയുണ്ടെന്ന് കാലാവസ്ഥ വകുപ്പ് അറിയിച്ചു. വടക്കൻ ജില്ലകളിലും ഇന്ന് മഴ ലഭിച്ചേക്കും.

അതിനിടെ, കനത്ത ചൂടിനെത്തുടർന്ന് 10 ജില്ലകളിൽ ഈ മാസം 23 വരെ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. വയനാട്, മലപ്പുറം, ഇടുക്കി, തിരുവനന്തപുരം ഒഴികെ ജില്ലകളിലാണ് മഞ്ഞ ജാഗ്രത.

✪✪✪

കണ്ണൂർ പാനൂരിൽ ബോംബ് സ്ഫോടനത്തിനിടെ പരിക്കേറ്റ് ചികിത്സയിലായിരുന്ന ഒരാളെക്കൂടി അറസ്റ്റു ചെയ്തു. ഇതോടെ കേസിൽ അറസ്റ്റിലായവരുടെ എണ്ണം 13 ആയി.

✪✪✪

ആറളം ഫാമിലെ കാട്ടാന ശല്യത്തിൽ നിന്ന് സംരക്ഷണം നൽകാൻ കർശന സുരക്ഷ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ അറിയിച്ചു. RRT, രാത്രികാല പട്രോളിങ്ങ് സംഘം എന്നിവ ജാഗ്രതയോടെ രംഗത്തുണ്ട്.

✪✪✪